"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ: ജി1/6661/16

ചാക്ക, തിരുവനന്തപുരം
തീയതി: 22.12.2016

## *<u>ചുറ്ററിയിപ്പ്</u>*

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 - ആഗസ്റ്റ് 2014 അഡ്മിഷൻ (നാലാം സെമസ്റ്റർ) ആഗസ്റ്റ് 2015 അഡ്മിഷൻ (രണ്ടാം സെമസ്റ്റർ), സപ്ലിമെന്ററി (ഒന്ന്,രണ്ട്, മൂന്ന് സെമസ്റ്റർ)-പരീക്ഷയിലെ റിസൾട്ട് സംബന്ധിച്ച അനോമലികൾ പരിഹരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഡി.ജി.റ്റി യിൽ നിന്നുള്ള 22/12/16 ലെ ഇ-മെയിൽ സന്ദേശം.

---------

ജൂലൈ 2016 പരീക്ഷയുടെ റിസൾട്ട് സംബന്ധിച്ച് അനോമലികൾ പരിഹരിക്കുന്നതിനായി 20/12/2016 വരെ ഡി.ജി.റ്റി സമയം നൽകുകയും ടി വിവരം എല്ലാ സ്ഥാപനമേധാവികളെയും അറിയിക്കുകയും ചെയ്തിരുന്നു. റിസൾട്ടിലെ അനോമലികൾ പരിഹരിക്കുന്നതിനായുള്ള സമയം സൂചന പ്രകാരം ഡി.ജി.റ്റി വീണ്ടും നീട്ടി നൽകിയിരിക്കുകയാണ്. ആയത് പ്രകാരം റഗുലർ ആയി രണ്ടാം സെമസ്റ്റർ /നാലാം സെമസ്റ്റർ സപ്ലിമെന്ററിയായി ഒന്ന് മുതൽ മൂന്ന് വരെയുള്ള സെമസ്റ്റർ പരീക്ഷ എഴുതി ട്രെയിനികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ഡി.ജി.റ്റി യിൽ നിന്നുള്ള റിപ്പോർട്ട് പരിശോധിച്ച് അതത് സ്ഥാപനമേധാവികൾ സെഷണൽ മാർക്ക് എൻട്രി നടത്തിയവരുടെ എണ്ണം (Q1, Q2) ഹാജർ നില എൻട്രി നടത്തിയവരുടെ എണ്ണം, എക്സാം ഫീസ് എൻട്രി നടത്തിയവരുടെ എണ്ണം, ഹാൾടിക്കറ്റ് ജനറേഷൻ എന്നിവ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്. മാർക്ക് സ്റ്റാറ്റസ്, റിസൾട്ട് സ്റ്റാറ്റസ്, ഹാൾടിക്കറ്റ് എലിജിബിലിറ്റി റിപ്പോർട്ട് ഇവ വിശദമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ഐ.ടി.ഐ യിൽ നിന്ന് തിരുത്തൽ വരുത്താവുന്ന എൻട്രികൾ ഭേദഗതി വരുത്തേണ്ടതുമാണ്. പ്രാക്ടിക്കൽ മാർക്ക് എൻട്രി, എഞ്ചിനീയറിംഗ് ഡ്രായിംഗ് മാർക്ക് എൻട്രി, ഹാൾടിക്കറ്റ് ജനറേഷൻ സ്റ്റാറ്റസ് ഇവയിലാണ് പിശക് ഉള്ള തെങ്കിൽ **<u>tradetestmis@gmail.com</u>** എന്ന വിലാസത്തിൽ 23/12/16 ന് അഞ്ച് മണിക്ക് മുൻപായി അയക്കേണ്ടതാണ്.

സൂചനയുടെ പകർപ്പും, ഡി.ജി.റ്റി യിൽ നിന്ന് ലഭ്യമായ അറ്റാച്ച്മെന്റുകളും ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: ടി
എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്